# Four Visuals at Midnight (അർദ്ധരാത്രിയിലെ നാല് ദൃശ്യങ്ങൾ)

## <u>ന്യായവിധിയുടെ അർദ്ധരാത്രി (**Judgment at midnight)**</u>

**മിശ്രയീമിലെ സകലദേവൻമാരിലും ഞാൻ ന്യായവിധി നടത്തും (പുറ 12:12)**

മിശ്രയീംദേശത്ത് പരദേശികളായി പാർക്കേണ്ടിവന്ന യിസ്രായേൽ ജനം അടിമവേലനിമിത്തം നെടുവീർപ്പിട്ട് നിലവിളിച്ചു. അടിമവേല ഹേതുവായതു നിലവിളി ദൈവസന്നിധിയിലെത്തി.നിലവിളികേട്ട ദൈവം പിതാക്കൻമാരോടുചെയ്ത വാഗ്ദത്തം ഓർത്തു അവരെ കടാക്ഷിച്ചു. ദൈവിക വിളിച്ചവരെ തന്റെ ഊഴിയവേലയിൽ നിർത്തുക എന്നത് സാത്താന്യതന്ത്രമാണ്. യഹോവരക്ഷകനാകുമെന്നറിയുന്ന സാത്താൻ തന്റെ ഇര നഷ്ടപ്പെടും എന്ന ചിന്തയാൽ അവന്റെ പിടിമുറുക്കുന്നു. വർദ്ധിത വീര്യത്തോടെ തന്റെ ജനത്തെ ഉപദ്രവിച്ചാൽ യഹോവയുടെ ന്യായവിധി അനുഭവിച്ചേ മതിയാകുകയുള്ളു. ക്രുരമുഷ്ടിയിൽ അമർന്നുപോയവർ സ്വതന്ത്രാകുവാൻ പിശാച് അനുവദിക്കുകയില്ല. ഇവരെ സ്വതന്ത്രരാക്കണമെങ്കിൽ ഒരു ന്യായവിധി നടന്നേ മതിയാകുകയുള്ളു..

(സഹോദരങ്ങളെ ഉയർച്ചനഷ്ടമാക്കി അടിമവേലചെയ്തു
തകർക്കുവാൻ ശ്രമിക്കുന്ന ശത്രുവായ സാത്താനെ
തോല്പിക്കുവാൻ യഹോവയോട് നിലവിളിക്കുക
(വിലാ.2:18,19,3:19-22)

ഞാൻ ആകുന്നവൻ ഞാൻ ആകുന്നു.എന്ന് അരുളിചെയ്ത കർത്താവ് തന്റെ ജനത്തെ രക്ഷിപ്പാൻ അർദ്ധരാത്രിയിൽ ന്യായവിധി നടത്തി. അതിനുമുൻപ് ബാധകളെ അയച്ച് സകലദേവൻമാരിലും ഞാൻ ന്യായവിധി നടത്തുമെന്ന് അരുളിചെയ്തത് പ്രവർത്തികമാക്കി.

**ന്യായകർത്താവ് ആര് യഹോവ-അവൻ നീതിയുള്ള ന്യായാധിപതിയത്രെ**

**(പുറ 14:18 ആവ 32:36,സങ്കീ 58:11)**

<u>ന്യായവിധി എവിടെ സംഭവിക്കും</u>

**ദൈവം ഇല്ലാത്ത ലോകത്തിന്റെമേൽ ദൈവം ഇല്ലാത്ത ഭവനത്തിൽ(എസ്ഥേ 9:25)**

**ദൈവികസാന്നിദ്ധ്യം നഷ്ടപ്പെട്ടസഭകളിൽ(സംഖ്യ 16:1-32)**

**അപ്രകാരമുള്ള ചിലവ്യക്തികളിൽ (1 ശമു 25:38)**

**ന്യായവിധി എപ്രകാരം പുറ(6:6) സങ്കീ(53:5)**

ന്യായവിധി നഷ്ടമാക്കുവാനും ജനത്തെവിടുവിച്ച് നടത്തുവാനും മോശയെയും അഹ രോനെയും ദൈവം തിരഞ്ഞെടുത്തു. മിസ്കയമീൽ 430 വർഷം ജീവിച്ചിരുന്ന ഇസ്രാ യേൽ മക്കളിൽ മിസ്രയീമ്യ ദൈവൻമാർ വളെര അധികം സ്വാധീനം ചെലുത്തിയിരു ന്നു. ഈ ദൈവൻമാരുടെ മേൽ ന്യാവിധി നടത്തിയ യഹോവയുടെ ശക്തി യിസ്രാ യേൽ ജനം അറിയണമെന്ന് ദൈവം നിശ്ചയിച്ചിരുന്നു.

## മിസ്രിയീമ്യദൈവൻമാരുടെ മേൽ ദൈവം നടത്തിയ ന്യായവിധി

മിസ്രയീമ്യരെയും യിസ്രായേൽ മക്കളെയും സർവ്വശക്തനായ ദൈവം താൻ മാത്രമാ ണെന്ന് ഒരു പോലെ ബോദ്ധ്യപ്പെടുത്താനാണ് ബാധകൾ മിസ്രയീമ്യരുടെ മേൽ അയ ച്ചത്. നൈൽ നദിയിലെ വെള്ളം രക്തമാക്കിയപ്പോൾ (പുറ.7.14-24)മിസ്രയീമ്യർ ആരാധി ച്ചിരുന്ന ഹാപി എന്ന ദൈവതയുടെ നിസ്സഹായതവെളിപ്പെട്ടു. രണ്ടാമത്തെ ബാധ യായ തവള അവരുടെ ഹെക്ട് എന്ന ആരാധനമൂർത്തിയുടെ ശക്തി ഹീനതയ്ക്ക് നേരെ ഉള്ളതായിരുന്നു. പേനിനെ ആരാധിച്ചുരുന്നതിനാൽ ദൈവം അതിനെ മൂന്നാ മത്തെ ബാധയാക്കിത്തീർത്തു. നാലാമത്തെ ബാധയായ ഈച്ച അവരുടെ ദേവനായ ബീൽസിബബിനെയും അഞ്ചാമത്തെ കന്നുകാലികളുടെ മേലുണ്ടായ ബാധ അവർ ആരാധിച്ചിരുന്ന ആപിസ് എന്ന വിശുദ്ധ കാളയേയും ന്യായം വിധിക്കുന്നതായിരു ന്നു. ആറാമത്തെ ബാധയായ 'പരുക്കൽ' അവരുടെ സൗഖ്യദായകദേവതയായ സേഖ്മ ത്തിന് സൗഖ്യം വരുത്തുവാൻ കഴിവില്ലെന്ന് ബോധ്യപ്പെടുത്തുന്നതായിരുന്നു. കല്മഴ യുടെ ഏഴാമത്തെ ബാധയാൽ കൃഷിയും കന്നുകാലികളും നശിച്ചപ്പോൾ നട്ട് എന്ന ആകാശദേവതയുടെ കഴിവില്ലായ്മ ദൈവം ചൂണ്ടികാണിച്ചു. എട്ടാമതായി വെട്ടുക്കി ളിയുടെ ബാധ മിസ്രയീമ്യദേശത്ത് അവശേഷിച്ചിരുന്ന കാർഷികവിളകൾ നശിപ്പിച്ചപ്പോൾ ജീവസംരക്ഷകനായ ഐസിസ് എന്ന ദേവതയുടെ മേൽ ദൈവം ന്യായം വിധിച്ചു. ഒൻപതാമത്തെ ബാധയായ ഇരുട്ട് ദേശത്തെമൂടിയപ്പോൾ 'രേ' സൂര്യദേവന്റെ കഴി വില്ലായ്മ ദൈവം ബോധ്യപ്പെടുത്തി. ഈ ഒൻപതു ബാധകൾ അയച്ചിട്ടും തന്റെ ജന ത്തോട് ന്യായം പ്രവർത്തിക്കാത്ത സ്വഭാവത്തിന് മാറ്റം വരാത്ത മിസ്രേമ്യദേശത്ത് അർദ്ധ രാത്രിയിൽ ഒരു ന്യായവിധി അയച്ചു. അവന്റെ വാക്കുകൾകേട്ട് ഞാൻ ഈ ജനത്തെ വിട്ടയയ്ക്കുവാൻതക്കവണ്ണം ഈ യഹോവ ആർ (പുറ 5,2) എന്ന ഫറവോന്റെ ചോദ്യ ത്തിന് പൂർണ്ണമായ അർത്ഥത്തിൽ ദൈവം മറിപടി നൽകുകയും സർവ്വശക്തനായ ദൈവ മാമ് താനെന്ന് യഹോവയാം ദൈവം അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. ഞാനല്ലാതെ അന്യദൈവങ്ങൾ നിങ്ങൾക്കുണ്ടാകരുതെ എന്ന് നിഷ്കർഷിക്കുന്നതിന്റെ

സാരം ദൈവം പത്താമത്തെബാധയാൽ മിസ്രയീമ്യരെയും യിസ്രായേല്യരെയും ബോധ്യ പ്പെടുത്തി. മനുഷ്യന്റെയും മൃഗത്തിന്റയും കടിഞ്ഞൂലിനെയൊക്കയും അവൻസംഹരി ച്ചു. (പുറ.12.12)

<u>യിസ്രായേൽ എങ്ങനെരക്ഷപ്രാപിച്ചു.</u>

ഈ ന്യാവിധിഒഴിഞ്ഞുപോകുവാൻകാരണം സ്വർഗ്ഗീയയമായി കരുതപ്പെടുന്ന ഒരുപകരജീവന്റെ മരണം മൂലം ആ രക്തം കട്ടളക്കാലിൻമേലും കുറുമ്പടിമേലും അടയാളമായി പുരട്ടിയതിനാലും ന്യായവിധി ഒഴിവായതിനാലാണ്.

**(പുറ12.1- 7(21- 23)**

പുതിയനിയമ യിസ്രായേലാകുന്ന നമ്മോട് വളരെ വ്യക്തമായി വചനം സംസാരിക്കുമ്പോൾ മനം തിരിഞ്ഞ് വരാതെ കഠിനഹൃദയരാകാൻ യഹോവയുടെ ന്യായവിധി ഉണ്ടാകും എന്ന് മറക്കരുത്. അവന്റെ രക്തം സലപാപവും പോക്കി നമ്മെ ശ്രുദ്ധികരിക്കുന്നു.പ്രിയസഹോദരങ്ങളെ യേശുവിന്റെ രക്തത്തിന്റെ മറവിലയാൽ ഒരുസംഹാരകനും നമ്മെ നശിപ്പിക്കുകയില്ല. ഒരു മിസ്രയേമ്യനും (ലോകമനുഷ്യൻ) നമ്മെക്കൊണ്ട് ഊഴിയവേലചെയ്യിക്കുകയില്ല. പുതിയനിയമ യിസ്രായേലാകുന്ന നമ്മെ ശത്രുവിന്റെ മേൽ ന്യാവിധി നടത്തി ദൈവം രക്ഷിക്കും യഹോവയിൽ വിശ്വസിക്കുക.

ശാന്തമ്മ വറുഗീസ്
വടശ്ശേരിക്കര.